No.DWCD/5307/2025-ICDSB2

വനിതാ-ശിശുവികസന ഡയറക്ടറുടെ
കാര്യാലയം.
പൂജപ്പുര,തിരുവനന്തപുരം
തീയതി : 09-09-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- സംയോജിത ശിശുവികസന സേവന പദ്ധതി അങ്കണവാടി കേന്ദ്രങ്ങളിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പ്രൈമറി സ്കൂൾ/ഒന്നാം ക്ലാസിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്ക് VIDYARAMBHAM Certificate (Early Childhood Care And Education Certificate) പ്രിൻറ് ചെയ്ത് വിതരണം ചെയ്യുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1.കേന്ദ്ര സർക്കാരിന്റെ 25/08/2025 തീയതിയിലെ F.No .CD-I/1/2025-CPMU (e-120234 ) നമ്പർ കത്ത് .
2.സ.ഉ(സാധാ)നം. 217/2026/WCDD തീയതി, തിരുവനന്തപുരം, 22.06.2026

അങ്കണവാടി കേന്ദ്രങ്ങളിൽ നിന്നും പ്രീ-സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പ്രൈമറി സ്കൂൾ/ഒന്നാം ക്ലാസിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്ക് ഒരു ഏകീകൃത മാതൃകയിലെ സർട്ടിഫിക്കറ്റ് നൽകണമെന്ന് സൂചന(1) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). അതിൻ പ്രകാരം സംസ്ഥാനത്തെ അങ്കണവാടികൾ മുഖേന വിദ്യാരംഭം സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകി സൂചന (2) പ്രകാരം ഉത്തരവ് ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 'VIDYARAMBHAM' (Early Childhood Care and Education Certificate) വിതരണം ചെയ്യുന്നതിനാവശ്യമായ തുക 2026-27 സാമ്പത്തിക വർഷം അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിൽ ഉൾപ്പെടുന്ന പ്രീ-സ്കൂൾ എഡ്യുക്കേഷൻ കിറ്റിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി വിനിയോഗിക്കേണ്ടതാണ്.

2) കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരമുള്ള മാതൃകയിൽ സി-ആപ്റ്റ് അറിയിച്ചിട്ടുള്ള നിരക്കായ 4.15 രൂപയോടൊപ്പം ഗവൺമെന്റിന്റെ ജി.എസ്.റ്റി റൂൾ/ഉത്തരവുകൾക്ക് അനുസൃതമായുള്ള ജി.എസ്.റ്റി നിരക്ക് ഉൾപ്പെടെ ഗവ.പ്രസ്സ്/സി-ആപ്റ്റ് മുഖേന പ്രസ്തുത സർട്ടിഫിക്കറ്റ് പ്രിൻറ് ചെയ്യാവുന്നതാണ്.

3) ഗവ.പ്രസ്സ്/സി-ആപ്റ്റ് മുഖേന പ്രിൻറ് ചെയ്യാവുന്ന 'വിദ്യാരംഭം' സർട്ടിഫിക്കറ്റ്- ന്റെ

സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

1. Paper Size - A4
2. Page - 1 Page
3. Paper - 220 GSM JK White card
4. Printing - S/S, Multi colour, common matter only
5. Binding - Packing

4) സർട്ടിഫിക്കറ്റ് ഐഡി (Certificate ID) യിൽ 10 അക്കങ്ങൾ ഉണ്ടായിരിക്കണം. അതിൽ, ആദ്യ 4 അക്കങ്ങൾ അങ്കണവാടി സെന്റർ കോഡിന്റെ ആദ്യ 4 അക്കങ്ങൾ ആയിരിക്കണം. തുടർന്ന് വരുന്ന 4 അക്കങ്ങൾ കുട്ടിയുടെ ADHAAR ID യുടെ അവസാന 4 അക്കങ്ങളും അവസാനത്തെ 2 അക്കങ്ങൾ സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്ന വർഷത്തിന്റെ അവസാന 2 അക്കങ്ങൾ എന്ന ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

5) സെക്ടർ/പഞ്ചായത്ത് തലത്തിൽ സർട്ടിഫിക്കറ്റ് ആവശ്യമായ കുട്ടികളുടെ എണ്ണം സൂപ്പർവൈസർമാർ ക്രോഡീകരിച്ച് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നൽകേണ്ടതാണ്.

6) സൂപ്പർവൈസർമാരിൽ നിന്നും ലഭ്യമാകുന്ന എണ്ണത്തിനനുസരിച്ച് ശിശുവികസന പദ്ധതി ഓഫീസർ മാർ സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ ലഭ്യമാക്കേണ്ടതും അങ്കണവാടിയിലെ പ്രീ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ടി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുമാണ്.

കുട്ടികൾ ഔപചാരിക വിദ്യാലയ വിദ്യാഭ്യാസ സംവിധാനത്തിലേക്ക് സുഗമമായി മാറുന്നതിന് സഹായകമാകുന്നതിനും അങ്കണവാടി കേന്ദ്രങ്ങളിൽ അവർക്ക് ലഭിക്കുന്ന ആദ്യകാല ശിശു പരിചരണവും വിദ്യാഭ്യാസവും (ECCE) അംഗീകരിക്കുന്നതിനായി എല്ലാ അങ്കണവാടി കേന്ദ്രങ്ങളിലേയും പ്രീ-സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ അർഹരായ കുട്ടികൾക്കും 'വിദ്യാരംഭം' സർട്ടിഫിക്കറ്റ് ' നിർബന്ധമായും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നടപ്പ് വർഷം പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അങ്കണവാടി കുട്ടികൾക്ക് വിതരണം നടത്തുന്നതിന് തയ്യാറാക്കിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ എണ്ണം ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ ഇൻ ചാർജ്

<u>ഉള്ളടക്കം</u>

സൂചന (1) കത്ത്

<u>പകർപ്പ്</u>

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
3).എല്ലാ സൂപ്പർവൈസർമാർക്കും
4).സ്റ്റോക്ക് ഫയൽ/സ്പെയർ

Towards a better tomorrow
Ministry of Women and Child Development
Government of India

# VIDYARAMBHAM

## EARLY CHILDHOOD CARE AND EDUCATION

Child APAAR ID: [__________]

Certificate ID: [__________]

## CERTIFICATE

This is to certify that _____[child's full name]____, son/daughter/ward of ____[Parent/Guardian's Full Name]_____, born on __[DoB in DD/MM/YYYY]__, has successfully received Early Childhood Care and Education from ___[Date of enrolment]__ to ___[Date of exit]___ at ____[Name of Anganwadi Center, Panchayat, District]___ Anganwadi Centre.

**Certified by:**

Signature of AWW: ________________
[Name of AWW]
[AWC Code]
[Mobile Number of AWW]

Signature of Supervisor: ________________
[Name of Supervisor]

**Certificate Issued on** (DD/MM/YYYY)